KSEB
കേരളത്തിന്റെ ഊർജ്ജം
150 YEARS OF CELEBRATING THE MAHATMA
ഊർജ്ജ കേരള മിഷൻ

"ഭരണഭാഷ - മാതൃഭാഷ"

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

CIN :U40100KL2011SGC027424

വെബ് സൈറ്റ് : www.kseb.in

**സെക്രട്ടറി (ഭരണം) യുടെ കാര്യാലയം**

ടെലഫോൺ നമ്പർ: +91 471 2514456, 2514575, 2514504

ഫാക്സ് : 0471 2554039 ഇ-മെയിൽ: secretary@kseb.In

നമ്പർ:എസ്റ്റാ.V/ജനറൽ/5245/2020 തീയതി : 08.10.2020.

## പരിപത്രം

വിഷയം:- മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ - സി.എം.ഒ പോർട്ടൽ കൈകാര്യം ചെയ്യുന്നതിന് പരിശീലനം - സംബന്ധിച്ച്.

സൂചന:- മുഖ്യമന്ത്രിയുടെ സെക്രട്ടറിയുടെ 22.09.2020-ലെ സി.എം.ബി.സി -9/157/2020 - സി.എം, സി.സി നമ്പർ കത്ത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ cmo.kerala.gov.in വെബ്പോർട്ടൽ മുഖേനയാണ് തുടർ നടപടി സ്വീകരിക്കാനായി വിവിധ ഓഫീസുകളിലേയ്ക്ക് കൈമാറി വരുന്നതെന്നും സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ, സർവ്വകലാശാലകൾ ഉൾപ്പെടെ 12,000- ലധികം വരുന്ന ഓഫീസുകളും സ്ഥാപനങ്ങളും ഈ ശൃംഖലയുടെ ഭാഗമാണെന്നും സൂചന കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

കൂടാതെ 2019 ജൂലൈ മുതൽ ഒക്ടോബർ മാസം വരെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സി.എ.ഒ പോർട്ടൽ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് അതതു ജില്ലകളിൽ വെച്ച് പരിശീലനം നൽകിയിരുന്നെന്നും പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ മാറിപോകുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികയിൽ പുതുതായി എത്തുന്ന ഉദ്യോഗസ്ഥർക്ക് സി.എം.ഒ പോർട്ടൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിയാത്ത അവസ്ഥ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സി.എം.ഒ പോർട്ടൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക്, പോർട്ടൽ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം ഓൺലൈനായി നൽകാൻ നിശ്ചയിച്ചിട്ടുണ്ടെന്നും, 2020 ഒക്ടോബർ മാസം ആരംഭിക്കുന്ന ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള ഉദ്യോഗസ്ഥർ സി.എം.ഒ പോർട്ടിലെ ഹോം പേജിൽ (ലോഗിൻ ചെയ്ത് കഴിയുമ്പോൾ കാണുന്ന പേജ്) നൽകിയിട്ടുള്ള "Training Registration". എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ഒരു ഓഫീസിൽ നിന്ന് ഓഫീസ് മേധാവിയോ, പോർട്ടൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരോ മാത്രമേ പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവൂ എന്നും ടി കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

ആയതിനാൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള സി.എം.ഒ പോർട്ടൽ ഉപയോഗിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും പരിശീലനത്തിന് പങ്കെടുക്കേണ്ടതാണെന്ന് അറിയിക്കുന്നു.

സെക്രട്ടറി (ഭരണം)

പകർപ്പ് –

(1) എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
(2) ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം)
(3) ചീഫ് എഞ്ചിനീയർ (ഐ.റ്റി)
(4) എഫ്.എ
(5) സി.ഐ.എ
(6) കമ്പനി സെക്രട്ടറി (ഇൻ ചാർജ്ജ്)
(7) ചീഫ് പേഴ്സണൽ ഓഫീസർ
(8) ചീഫ് വിജിലൻസ് ഓഫീസർ
(9) ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ
(10) ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
(11) എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും
(12) റ്റി.എ.ടു (സി.എം.ഡി), ഡയറക്ടർ (ഐ.റ്റി & എച്ച്.ആർ.എം), ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ & റീസ്, ഡയറക്ടർ (ജനറേഷൻ, സിവിൽ) ഡയറക്ടർ (പ്ലാനിംഗ് സേഫ്റ്റി & സൗര), ഡയറക്ടർ ഇലക്ട്രിക്കൽ & എസ്.സി.എം)
(13) എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
(14) സീനിയർ സി.എ.ടു സെക്രട്ടറി (ഭരണം)
(15) ഫയൽ
(16) സ്റ്റോക്ക് ഫയൽ

സി6